സെക്സ് റാക്കറ്റുകളുടെ പ്രവർത്തനം തടയാൻ നടപടി

53 [1629] ശ്രീ. സി. ടി. അഹമ്മദ് അലി:

" ടി. പി. എം. സാഹിർ:

" സി. മൊയിൻകുട്ടി:

" ഇസ്ഹാക് കുരിക്കൾ:

" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എത്ര സെക്സ് റാക്കറ്റുകൾ കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്;

(സി) ഇവയിൽ ഏതെല്ലാം അന്തർ സംസ്ഥാന തലത്തിലുള്ള കണ്ണികളായി പ്രവർത്തിച്ചുവരുന്നു;

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലുള്ളവയുമായിട്ടായിരുന്നു ഇവയുടെ ബന്ധം എന്നു വ്യക്തമാക്കുമോ;

(ഇ) പോലീസ് സേനയിലുള്ള ചിലരുടെ സഹായം പെൺവാണിഭക്കാരുടെ വളർച്ചയ്ക്ക് വൻതോതിൽ കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പെൺവാണിഭക്കാരുടെ ശൃംഖലയുടെ കണ്ണികൾ ഗവൺമെന്റ് ഓഫീസുകളിലും വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സംഘടിത പെൺവാണിഭം നടത്തുന്നത് സംബന്ധിച്ച് 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കണ്ടുപിടിക്കപ്പെട്ട സംഘടിത പ്രവർത്തനങ്ങൾ തികച്ചും ഇല്ലാതെയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംഘടിത പെൺവാണിഭ പ്രവർത്തനത്തിന് അന്തർ സംസ്ഥാന തലത്തിലുള്ള കണ്ണികളുമായി ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം (സി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) രജിസ്റ്റർ ചെയ്യപ്പെട്ടതിൽ ഒരു കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥന് ബന്ധമുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly